LIBRARY ARCHIVES Kerala Legislative Assembly

സുതാര്യ കേരളം പദ്ധതി

103 (1970) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ സുതാര്യ കേരളം പദ്ധതിയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പരാതികൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ലഭ്യമായ പരാതികളിൽ എത്രയെണ്ണം പരിഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 119862 പരാതികൾ ലഭ്യമായിട്ടുണ്ട്.

(ബി) 68522 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

കൊല്ലം തീരദേശ അതോറിറ്റി

104 (1971) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ അതോറിറ്റി രൂപീകരിച്ച കൊല്ലം ജില്ലാതല സമിതി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സമിതിക്ക് ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; പരാതികൾ സംബന്ധിച്ച വിശദാംശം നല്കുമോ ;

(സി) പ്രസ്തുത പരാതികളിൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ട് ; വിശദാംശം നല്കുമോ ;

(ഡി) സമിതി നിലവിൽ വന്നതിനുശേഷം കൊല്ലം ജില്ലയുടെ തീരത്ത് കയ്യേറ്റം, അനധികൃത നിർമ്മാണം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) തീരദേശ പരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്യുന്ന ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ച് 12-12-2013-ൽ ഉത്തരവായിരുന്നു. കൊല്ലം ജില്ലയിലെ സമിതി ഇതുവരെ യോഗം ചേർന്ന് പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല.

(ബി) ജില്ലാ സമിതിക്ക് മുമ്പാകെ പരാതികളൊന്നും ഇതുവരെയും ലഭിച്ചിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) സമിതി നിലവിൽ വന്നതിന് ശേഷവും കൊല്ലം ജില്ലയിൽ തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ വ്യവസ്ഥകൾ ലംഘിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതായി കേരള തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ പരാതികൾ ലഭ്യമായിട്ടുണ്ട്. പരാതിയുടെ വിശദാംശങ്ങളും അവയിന്മേൽ അതോറിറ്റി സ്വീകരിച്ച നടപടികളും അനുബന്ധം ആയി ചേർക്കുന്നു.*

മന്ത്രിതല സംഘങ്ങളുടെ കേന്ദ്ര സന്ദർശനം

105 (1972) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തവണ മന്ത്രിതല സംഘങ്ങൾ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉന്നയിച്ച് കേന്ദ്ര സർക്കാരിനെ സമീപിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ സംസ്ഥാനം നേരിടുന്ന ഏതെല്ലാം വിഷയങ്ങളാണ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചത് ;

(സി) ഇതിൽ ഏതെല്ലാം കാര്യങ്ങൾ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചു നൽകി ;

(ഡി) മന്ത്രിതല സംഘങ്ങളുടെ സന്ദർശനത്തിനായി ഓരോ തവണയും എത്ര തുക ചെലവായി ; വിശദമാക്കാമോ ?

ഉത്തരം

(എ) ഏഴ് തവണ.

(ബി) സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള നിവേദനങ്ങളാണ് പല തവണയായി കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുള്ളത്. അവസാനമായി 2014 ഒക്ടോബർ 16-ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം പ്രധാനമന്ത്രിയെ സന്ദർശിച്ച് ചുവടെ ചേർക്കുന്ന ആവശ്യങ്ങൾ നിവേദനമായി സമർപ്പിച്ചു :

1. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിമ നോട്ടിഫിക്കേഷൻ പുറത്തിറക്കുക.
2. കോസ്റ്റൽ റഗുലേഷൻ സോൺ സംബന്ധമായ ചട്ടങ്ങളിൽ ഇളവു വരുത്തുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly